**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കണക്ഷനുകളിൽ നിലവിലുള്ള വ്യക്തിഗത സബ്സിഡി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കണക്ഷനുകളിൽ പരിശോധനകൾ നടത്തി നിലവിൽ സബ്സിഡിയ്ക്ക് അർഹരായ കൃഷിക്കാരുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ, വിവരങ്ങൾ സമർപ്പിക്കുന്നതിന് കർഷകർക്ക് കൂടുതൽ സമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാർഷിക വൈദ്യുതി കണക്ഷനുകളുടെ ദുരുപയോഗം തടയുന്നതിനായി കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥല പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ട്. ആയതിന്റെ ഭാഗമായി നിലവിലെ വിവരങ്ങൾ പുതുക്കുവാനും ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുവാനും ഗുണഭോക്താക്കളോട് ആവശ്യപ്പെടാറുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി കൃഷിഭവനിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | നിലവിലുള്ള വ്യക്തിഗത സബ്സിഡി സംവിധാനം മാറ്റി കർഷക ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനും അത്തരം കർഷക സമിതികൾക്ക് ഇത് അടക്കുന്നതിന് ചുമതല നൽകുന്നതിനും ആലോചിക്കുന്നുണ്ടോ; ആയതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതുമൂലമുണ്ടാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വ്യക്തിഗത അപേക്ഷകൾക്ക് തുടർന്നും സൗജന്യ കണക്ഷൻ അനുവദിക്കുന്ന രീതി തുടരുമോ? | (സി) | കർഷക സമിതിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് തന്നെയാണ് സൗജന്യ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ